തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച കേസ്സിലെ പ്രതികൾ പിടിയിൽ

കോവിഡ്–19

## വിലക്ക് ലംഘനം: 54 പേർക്കെതിരെ നിയമനടപടി 16,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- കോവളം പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച കേസ്സിലെ പ്രതികൾ പിടിയിലായതായി ഐ.ജി.പി–യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോവളം, മുക്കോല സ്വദേശികളായ നെൽസൺ(20), ബബായ്ഘോഷ്(19) എന്നിവരെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്. കോവളം സ്വദേശിയായ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വശീകരിച്ച് കൊണ്ട് പോയശേഷം ഭീഷണിപ്പെടുത്തി പീഢനം നടത്തുകയായിരുന്നു. കോവളം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതിനെ തുടർന്ന് പ്രതികൾ ഒളിവിൽ പോവുകയായിരുന്നു. തുടർന്ന് തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.ദിവ്യ.വി.ഗോപിനാഥിന്റെ നിർദ്ദേശാനുസരണം കോവളം എസ്.എച്ച്.ഒ യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നല്കിയായിരുന്നു പ്രതിയെ അറസ്റ്റ് ചെയ്തത്.



കോവളം പോലീസ് അറസ്റ്റ് ചെയ്ത
നെൽസൺ (20), ബബായ് ഘോഷ് (19)

കോവളം എസ്.എച്ച്.ഒ അനിൽകുമാർ.പി, എസ്.ഐ–മാരായ അനീഷ്കുമാർ, മണികണ്ഠനാശാരി, എ.എസ്.ഐ ശ്രീകുമാർ, സി.പി.ഒ–മാരായ ഷൈജു, രാജേഷ് ബാബു, അരുൺ, ലജീവ്, ശ്രീകാന്ത്, വിജിത, സുജിത, കാവേരി എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (19–12–2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 54 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 18 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 31 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 16,500 രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
19–12–2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി